# എന്താണ് സകാത്തുൽ ഫിത്വ്ര് ?

നോമ്പ് മുറിക്കുന്നതിന് ഫിത്വ്ര് എന്ന് പറയുന്നു. റമദാനിലെ നോമ്പ് അവസാനിപ്പിക്കുന്ന തോടുകൂടി നിർബന്ധമാവുന്ന പ്രത്യേക ധർമമായതിനാല് അത്  ആ പേരിൽ തന്നെ അറിയ പ്പെടുന്നു.

അറിഞ്ഞോ അറിയാതെയോ നോമ്പിൽ വന്നുചേരുന്ന വൈകല്യങ്ങൾ പരമാവധി പരിഹരിച്ചു നോമ്പിന്റെ വിശുദ്ധി കൈവരിക്കാനുള്ള ഒരു മാർഗമാണ് ഫിത്വ്ര് സകാത്ത്. നോമ്പിനെത്തുടർന്ന് ആഘോഷമായി വരുന്ന ഈദ് ദിനത്തിൽ വിശക്കുന്ന ഒരുത്തനും സമുദായത്തിലുണ്ടാവരുതെന്ന് ഇസ്ലാം നിശ്ചയിച്ചിരിക്കുന്നു. പരസ്പര സ്നേഹ ത്തിലൂടെയും സഹകരണത്തിലൂടെയും ഒന്നിച്ചു സന്തോഷം പങ്കുവെക്കാനുള്ള മാർഗം കൂടിയാണ് ഫിത്വ്ര് സകാത്ത്.

ധനത്തിന്റെ സകാത്ത് സമ്പന്നർക്ക് മാത്രമേ നിർബന്ധമാവുകയുള്ളു. എന്നാൽ ഇദ് (പെരുന്നാൾ) ദിവസം കഴിഞ്ഞുകൂടാൻ വകയുള്ള എല്ലാവർക്കും ഫിത്വ്ർ സകാത്ത് ബാധകമാണ്.

സ്ത്രീ-പുരുഷ ഭേദമില്ലാതെ ചെറിയവർക്കും വലിയവർക്കും അടിമക്കും ഉടമക്കും ഒരുപോലെ ഇത് ബാധകമാണെന്നാണ് പണ്ഡിതമതം.

ഇബ്നു ഉമറിൽനിന്ന് ഇമാം ബുഖാരി ഉദ്ധരിക്കുന്നു: "അല്ലാഹുവിന്റെ ദൂതൻ മുസ്ലിമായ അടിമക്കും സ്വതന്ത്രനും പുരുഷനും സ്ത്രീക്കും ചെറിയവനും വലിയവനും ഫിത്വ്ര് സകാത്ത് നിർബന്ധമാക്കി. കാരക്ക ഒരു സാ അ്, അല്ലെങ്കിൽ ഗോതമ്പ് ഒരു സാഅ് ."

ഒരു സാഇന്ന് ഇന്നത്തെ മെട്രിക് തൂക്കമനുസരിച്ച് 2167 ഗ്രാമുണ്ടാകുമെന്ന് ആധുനിക ഗവേഷക പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

സ്ത്രീ സ്വന്തമായി സമ്പത്തുള്ള ഭാര്യയാണെങ്കിൽ, അവരുടെ ധനത്തിൽനിന്ന് തന്നെ യാണ് ഫിത്വ്ർ സകാത്ത് കൊടുക്കേണ്ടത്. ഇല്ലെങ്കിൽ ഭർത്താവ് കൊടുക്കണം.

അതുപോലെ കുട്ടികൾക്ക് സ്വന്തമായി സമ്പത്തുണ്ടെങ്കിൽ, അതിന്റെ കൈകാര്യ കർത്താവ് അതിൽനിന്ന് കൊടുക്കണം. ഇല്ലെങ്കില് ചെലവ് കൊടുക്കാൻ ബാധ്യത യുള്ളവരാണ് ഈ സകാത്തും കൊടുക്കേണ്ടത്.

**എത്ര കൊടുക്കണം?**

ഭക്ഷ്യസാധനങ്ങൾ ഏതാണെങ്കിലും ഒരാൾക്ക് ഒരു സാഅ് എന്ന തോതിൽ കൊടുക്കണമെന്നാണ് ഒരു പക്ഷം പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്.

എന്നാൽ ഭക്ഷ്യവിഭവങ്ങളിൽ വില ഇരട്ടി വരുന്നതാണെങ്കിൽ അതിന്റെ പകുതി കൊടുത്താൽ മതിയെന്നും അഭിപ്രായമുള്ളവരുമുണ്ട്.

**നിർബന്ധമാകുന്നതെപ്പോള് ?**

റമദാൻ നോമ്പ് അവസാനിക്കുന്നതോടനുബന്ധിച്ചാണ് ഫിത്വ്ർ സകാത്ത് നിർബന്ധ മാകുന്നത്.

ഇബ്നു ഉമർ പറഞ്ഞതായി ഇമാം ബുഖാരി ഉദ്ധരിക്കുന്നു. അവർ(നബിയുടെ അനുചരന്മാർ) പെരുന്നാളിന്റെ ഒരു ദിവസവും രണ്ടു ദിവസവും മുമ്പ് ഫിത്വ്ര് സകാത്ത് കൊടുക്കാറുണ്ടായിരുന്നു. ഫിത്വ്ർ സകാത്ത് പെരുന്നാൾ നമസ്കാരത്തിന് മുമ്പ് നൽകിയില്ലെങ്കില് അത് സകാത്തായി പരിഗണിക്കപ്പെടുകയില്ലെന്നും, നമസ്കാരത്തിനു ശേഷമാണ് അതാരെങ്കിലും നൽകിയതെങ്കില് അത് ഒരു ധർമം മാത്രമാകുമെന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

**ആർക്കാണ് കൊടുക്കേണ്ടത്?**

ഫിത്വ്ർ സകാത്ത് ദരിദ്രന്മാർക്ക് മാത്രമായും സകാത്ത് നൽകപ്പെടേണ്ടവരായി ഖുർആന് പറഞ്ഞ എട്ട് വിഭാഗങ്ങളില് വിഭജിക്കുന്നതിനും വിരോധമില്ല.

**നാടുമാറി നൽകാന് പറ്റുമോ?**

ഒരു നാട്ടിൽ സകാത്ത് വാങ്ങാൻ അർഹരായ ദരിദ്രരുണ്ടായിരിക്കെ അവിടെതന്നെ യാണത് വിതരണം ചെയ്യേണ്ടത്. എന്നാൽ അന്നാട്ടിൽ വാങ്ങാൻ അർഹരില്ലെങ്കില് അർഹരുള്ള അന്യനാടുകളിലേക്ക് നീക്കുന്നതാണ് ഇസ്‌ലാമിന്റെ ആത്മാവിന്നി ണങ്ങുന്നത്.

സ്വഹാബികളുടെ (നബിയുടെ അനുചരന്മാർ) ചര്യയിൽനിന്ന് മനസ്സിലാവുന്നതും അതുതന്നെ.

- Abdullahkutty

കടപ്പാട് : സകാത്ത് തത്ത്വവും പ്രയോഗവും,അബ്ദുല്ലാ ഹസൻ